LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. വി. റ്റി. ബൽറാം അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. റ്റി. ബൽറാം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2015-ലെ കേരള ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

4.15 P.M.]

(2) 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. .....(ബഹളം).....

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിൽവന്ന് മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങുന്നത് ശരിയല്ല.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കെ. എം. മാണി: സർ, 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. .....(ബഹളം).....

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: സർ, ഗാരണ്ടി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. 15000 കോടി രൂപയായി ഗാരണ്ടി വർദ്ധിപ്പിക്കുകയാണ്. .....(ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ നിരാകരണപ്രമേയവും 1(എ) ഭേദഗതിയും അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ : ശ്രീ. കെ. ശിവദാസൻ നായർ, അങ്ങേയ്ക്ക് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഗ്യാരണ്ടി എമൗണ്ട് വർദ്ധിപ്പിക്കുന്നത് മാത്രമല്ല, ഗവൺമെന്റ് ഇതുസംബന്ധിച്ച് നേരത്തെ എടുത്ത ഒരു തീരുമാനം ഉണ്ട്. അതിൽ ഗവൺമെന്റിന്റെ ഡിസ്ക്രീഷൻ അനുസരിച്ച് ഗാരണ്ടി കമ്മീഷൻ നിശ്ചയിക്കേണ്ട ഒരു കാര്യമുണ്ട്. ആ അമെൻഡ്മെന്റ് ഇതിനകത്ത് വന്നിട്ടില്ല. പ്രയോറിറ്റി ലെൻഡിംഗിന് ഗവൺമെന്റിന് ഒരു ഡിസ്ക്രീഷൻ വേണമെന്നുള്ളത് ഭേദഗതിയിലൂടെ കൊണ്ടുവരും എന്നത് സഹകരണ ഡിപ്പാർട്ടുമെന്റിന്റെ 30-3-2013-ലെ ഉത്തരവനുസരിച്ച് നേരത്തെ പറഞ്ഞതാണ്. ആ ഉത്തരവിനകത്ത് പറഞ്ഞിരിക്കുന്നത് 2013-14 സാമ്പത്തിക വർഷം മുതൽ ഗാരണ്ടി കമ്മീഷൻ കുറഞ്ഞ നിരക്കായ 0.25% നിരക്കിൽ ഓരോ വർഷവും നല്കുന്ന അധിക ഗാരണ്ടിക്ക് ഒറ്റത്തവണ വ്യവസ്ഥയിൽ ഒടുക്കുന്നതിന് സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിനെ അനുവദിക്കുന്നതിനായി 2003-ലെ കേരള സീലിംഗ് ഓൺ ഗവൺമെന്റ് ഗാരണ്ടി ആക്ടിൽ ഭേദഗതി വരുത്തുന്നകാര്യം

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ പരിഗണിക്കുന്നതാണ്. അങ്ങനെ ഒരു ഉത്തരവ് ഉണ്ട്. അത് യഥാർത്ഥത്തിൽ ഇതിൽ പരിഗണിച്ചിട്ടില്ല. ഒരു വരുമാനമാർഗ്ഗമായി ഗാരണ്ടി കമ്മീഷൻ നമുക്ക് പരിഗണിക്കാൻ പറ്റില്ല. റിഡംഷനുവേണ്ടി ഗാരണ്ടി റിഡംഷൻ ഫണ്ട് ഉണ്ടാക്കണം എന്ന് ആകുമ്പോൾതന്നെ വ്യവസ്ഥയുണ്ട്. അതിൽ റൂൾസ് ഉണ്ടാക്കിയിട്ടില്ല. ഇത് ഗവൺമെന്റിന്റെ വരുമാന മാർഗ്ഗം എന്നുള്ള നിലയിലാണ് ഗാരണ്ടി കമ്മീഷനെ ഫിനാൻസ് ഡിപ്പാർട്ടുമെന്റ് കാണുന്നത്. ആകുമ്പോൾ ഉദ്ദേശത്തിനു തന്നെ എതിരാണത്. അത് യാതൊരു കാരണവശാലും ചെയ്യാൻ പാടില്ല. അതിന് റൂൾസ് ഉണ്ടാക്കണം. 2003-ലെ നിയമത്തിന് ഇതുവരെയും റൂൾസ് ഉണ്ടാക്കിയിട്ടില്ല. റൂൾസ് ഉണ്ടാക്കേണ്ടത് അനിവാര്യമാണ്. ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന അമെന്റ്മെന്റ് യഥാർത്ഥത്തിൽ വേണ്ടതാണ്. എന്നാൽ ഗവൺമെന്റിന്റെ ഡിസ്ക്രീഷനു വേണ്ടിയുള്ള ഒരു അമന്റ്മെന്റ് കൂടി ഇതിനകത്ത് കൊണ്ടുവരണം എന്ന് ഞാൻ അപേക്ഷിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. കെ. ശിവദാസൻ നായർ അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച് VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും ജൂൺ 29-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ജൂൺ മാസം 29-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.20-ന് പിരിഞ്ഞു.)